No. M1. 1552/2024 Dated: 08/04/2024

# ടെണ്ടർ

2024 തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് ഏപ്രിൽ 19, 20 തിയ്യതികളിൽ ശ്രീവടക്കുംനാഥൻ ക്ഷേത്രത്തിന്റെ 4 ഗോപുരനടകളിൽ പാദരക്ഷകൾ സൂക്ഷിക്കുന്നതിന് കൗണ്ടറുകൾ അടക്കം സൗകര്യം ഒരുക്കുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ കവറിനു പുറത്ത് **"തൃശ്ശൂർ പൂരം പാദരക്ഷ സൂക്ഷിപ്പ് ടെണ്ടർ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ ശ്രീവടക്കുംനാഥൻ ദേവസ്വം ഓഫീസിൽ 16/04/2024 ന് 2.00 പി.എം വരെ സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ അന്നേദിവസം 3.00 പി.എം ന് ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് രേഖപ്പെടുത്തുന്നതാണ്. കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തി/സ്ഥാപനം പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതാണ്. ടെണ്ടർ ഗുണകരമല്ലെന്ന് കാണുന്നപക്ഷം ടെണ്ടർ നടപടികൾ നിർത്തി വെക്കുന്നതിനും, അസാധുവാക്കുന്നതിനും, മറ്റു യുക്തമായ തീരുമാനമെടുക്കുന്നതിനും താഴെ ഒപ്പിട്ട ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്. ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ഓഫീസ് സമയങ്ങളിൽ ഈ ഓഫീസുമായോ, ശ്രീവടക്കുംനാഥൻ ദേവസ്വം ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. നിബന്ധനകൾ താഴെ ചേർക്കുന്നു.

## നിബന്ധനകൾ

1) പാദരക്ഷകൾ സൂക്ഷിക്കുന്നതിന് പടിഞ്ഞാറെ ഗോപുരനടയിൽ ക്ഷേത്രപാദരക്ഷാ കൗണ്ടർ മുതൽ റാംപ് വരെയും, കിഴക്കേ ഗോപുര നടയിൽ പേരാലിന്റെ ഭാഗത്ത് റാംപ് വരെയും, വടക്കേ നടയിൽ ഇരുവശവും, തെക്കേ ഗോപുരനടയുടെ ഇരുവശവുമാണ് കൗണ്ടർ സൗകര്യം ഒരുക്കേണ്ടത്.

2) പാദരക്ഷാ കൗണ്ടർ നടത്തുന്നതിനാവശ്യമായ ലൈസൻസുകളും, വേണ്ട ഷെഡ്, ടോക്കൺ എന്നിവ ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലഭ്യമാക്കേണ്ടതാണ്.

3) ക്ഷേത്രാചാരങ്ങൾക്കോ, ചടങ്ങുകൾക്കോ, ഭക്തജനങ്ങൾക്കോ തടസ്സം വരാത്ത വിധം ടെണ്ടർ/ലേലം കൊണ്ടയാൾ പാദരക്ഷാ കൗണ്ടർ നടത്തേണ്ടതാണ്.

4) ടെണ്ടർ/ലേലം കൊണ്ട വ്യക്തി ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു കൊണ്ടും മാലിന്യ നിർമ്മാർജനത്തിനുള്ള ഫീസ് കോർപ്പറേഷനിൽ അടച്ചും പാദരക്ഷാ കൗണ്ടർ നടത്തേണ്ടതാണ്. കോർപ്പറേഷൻ ഹരിതകർമ്മസേന നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

5) ടെണ്ടർ സമർപ്പിക്കുന്ന വ്യക്തി നിരതദ്രവ്യമായി 10,000/- രൂപയുടെ DD (കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്നത്) ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6) നിരതദ്രവ്യമായി അടക്കുന്ന 10,000/- രൂപ പാദരക്ഷാ കൗണ്ടർ നടത്തിപ്പിന് ശേഷം ബാധ്യതകളൊന്നും ഇല്ലെന്ന് ഉറപ്പ് വരുത്തി മാത്രം പലിശരഹിതമായി നൽകുന്നതാണ്.

7) മൈതാനത്ത് പൂരത്തോടനുബന്ധിച്ചുള്ള സുരക്ഷയുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രം കൗണ്ടർ പ്രവർത്തിക്കേണ്ടതാണ്.

8) ടെണ്ടർ ലഭിക്കുന്ന വ്യക്തി ടെണ്ടർ സംഖ്യ നിയമാനുസൃത ജി.എസ്.ടി അടക്കം ശ്രീവടക്കുന്നാഥൻ ദേവസ്വത്തിൽ ഉടൻ ഒറ്റ തവണയായി അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്.

9) പൂരത്തോടനുബന്ധിച്ചുള്ള ചടങ്ങുകൾക്കും മറ്റും തടസ്സം വരാത്ത വിധം പാദരക്ഷാ കൗണ്ടർ നടത്തേണ്ടതാണ്.

10) മേൽ പറഞ്ഞ നിബന്ധനകൾ ഉൾപ്പെടുത്തി 200/- രൂപയുടെ മുദ്രപത്രത്തിൽ ഒരു കരാർ തയ്യാറാക്കി ഒപ്പ് വെച്ച് ദേവസ്വം മാനേജർക്ക് സമർപ്പിക്കേണ്ടതാണ്. ഈ ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തി വെക്കുന്നതിനും, വേണ്ടെന്ന് വെക്കുന്നതിനും, മറ്റ് യുക്തമെന്ന് തോന്നുന്ന നടപടി സ്വീകിക്കുന്നതിനും താഴെ ഒപ്പ് വെക്കുന്ന ആൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

12/4/2024

**ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ**
തൃശ്ശൂർ ഗ്രൂപ്പ്